"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ദുരന്ത നിവാരണ വകുപ്പ് - മലപ്പുറം ജില്ലയിലെ ദുരന്ത സാധ്യതാ മേഖലയിൽ നിന്നും ശ്രീ.അബൂബക്കർ കെ.വി-യെ മാറ്റിപാർപ്പിക്കുന്നതിനായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

---

**ദുരന്ത നിവാരണ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.75/2026/DMD തീയതി,തിരുവനന്തപുരം, 09-02-2026

---

പരാമർശം:-

1. സ.ഉ.(കൈ)നം.25/2019/ഡി.എം.ഡി, തീയതി 23/08/2019
2. 14/12/2023 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ DCMPM/8784/2023-DM1 നമ്പർ കത്ത്
3. 06/01/2026 തീയതിയിലെ മലപ്പുറം ജില്ലാ കളക്ടറുടെ DCMPM/8784/2023-DM1 നമ്പർ കത്ത്

**<u>ഉത്തരവ്</u>**

മലപ്പുറം ജില്ലയിലെ നിലമ്പൂർ താലൂക്ക് വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ശ്രീ.അബൂബക്കർ കെ.വി s/o മുഹമ്മദ് കല്ലുവെട്ടി ഹൗസ് എന്നവരുടെ കൈവശമുള്ള 9 സെന്റ് ഭൂമിക്ക് സമീപത്തുകൂടി കാരക്കോടൻ പുഴ ഗതി മാറി ഒഴുകുന്നതിനാലും സ്ഥലത്ത് പ്രളയ സാധ്യത ഉള്ളതിനാലും ടി വ്യക്തിക്ക് വാസയോഗ്യമായ സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി പുനരധിവാസ പദ്ധതിയിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിട്ടുള്ളതായി പരാമർശം (2) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. മേൽ സാഹചര്യത്തിൽ ശ്രീ. അബൂബക്കർ കെ.വി യുടെ വാസസ്ഥലം ഉരുൾപൊട്ടൽ മാപ്പിൽ ഓറഞ്ച് സോണിൽ ഉൾപെടുന്നതും, എല്ലാ മഴയത്തും വെള്ളപ്പൊക്ക ഭീഷണി നിലനിൽക്കുന്ന പ്രദേശവുമായതിനാൽ ടി കുടുംബത്തെ സ്ഥിരമായി മാറ്റി പാർപ്പിക്കുന്നത് പരിഗണിക്കാവുന്നതാണെന്നും അപേക്ഷകന് കേരളാത്തിൽ എവിടെയും വാസയോഗ്യമായ ഭൂമി ഇല്ല എന്നും വിദക്ദ്ധ സമിതിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം മലപ്പുറം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ദുരന്ത സാധ്യത മേഖലയിലാണ് താമസിക്കുന്നതെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി നിയോഗിച്ച വിദഗ്ധ സംഘം കണ്ടെത്തിയ നിലമ്പൂർ താലൂക്ക് വഴിക്കടവ് ഗ്രാമപഞ്ചായത്തിലെ ശ്രീ.അബൂബക്കർ കെ.വി s/o

മുഹമ്മദ് കല്ലു വെട്ടി ഹൗസ് എന്നവർക്ക് വസ്തു വാങ്ങി വീട് നിർമിക്കുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും 10 ലക്ഷം രൂപ അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
പൂജ ലാൽ കെ എ എസ്
അണ്ടർ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
കമ്മീഷണർ, ലാന്റ് റവന്യൂ
കമ്മീഷണർ, ദുരന്ത നിവാരണം
ജില്ലാ കളക്ടർ, മലപ്പുറം
റവന്യൂ (ഡി.ആർ.എഫ് - ബി) വകുപ്പ് (തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനായി)
ഫിനാൻസ് ഓഫീസർ, ദുരന്തനിവാരണം
പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by Vincent U
Date: 09-02-2026 11:40:45
സെക്ഷൻ ഓഫീസർ